ചാർജ് വർദ്ധനമൂലം പ്രതീക്ഷിച്ച വരുമാനം ലഭിക്കാതിരിക്കുന്നതിനുള്ള കാരണം

17 (906) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം പ്രതീക്ഷിച്ച വിധത്തിലുള്ള അധികവരുമാനം വൈദ്യുതി ബോർഡിന് ലഭിക്കാതിരിക്കുന്നതിനുള്ള കാരണമെന്ത് ?

ഉത്തരം

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പ്രതീക്ഷിച്ച വിധത്തിലുള്ള അധികവരുമാനം വൈദ്യുതി ബോർഡിനു ലഭിച്ചിട്ടുള്ളതിനാൽ ചോദ്യത്തിന് പ്രസക്തിയില്ല.

ബോർഡിന് ലഭിക്കാനുള്ള കുടിശ്ശിക

18 (907) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളും പൊതുമേഖലാ സ്ഥാപനങ്ങളും 1-6-2003-ലെ കണക്കനുസരിച്ച് വൈദ്യുതി ബോർഡിന് എന്തു തുക കുടിശ്ശിക വരുത്തിയിട്ടുണ്ട്.

(ബി) ഗവൺമെന്റ് വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും പ്രതിമാസം എന്തു തുകയ്ക്കുള്ള വൈദ്യുതി ഉപയോഗിക്കുന്നുണ്ട് ;

(സി) പഞ്ചായത്ത് രാജ്-നഗരപാലികാ സ്ഥാപനങ്ങൾ പ്രസ്തുത തീയതിയിൽ എന്തു തുക വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട് ;

(ഡി) പ്രതിമാസം എന്തു തുകയ്ക്കുള്ള വൈദ്യുതി ഈ സ്ഥാപനങ്ങൾ ഉപയോഗിക്കുന്നു ;

(ഇ) പ്രസ്തുത തീയതിയിൽ വ്യവസായ സ്ഥാപനങ്ങൾ വൈദ്യുതി ബോർഡിന് എന്തു തുക കുടിശ്ശിക നൽകാനുണ്ട് ;

(എഫ്) ഇത്തരം സ്ഥാപനങ്ങൾ പ്രതിമാസം എന്തു തുകയ്ക്കുള്ള വൈദ്യുതി ഉപയോഗിക്കുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഗവൺമെന്റ് വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങൾ വ്യവസായ സ്ഥാപനങ്ങൾ എന്നിവ ഉപയോഗിക്കുന്ന വൈദ്യുതിയുടെ വില അതാത് മാസം അടയ്ക്കുന്ന പക്ഷം വൈദ്യുതി ബോർഡിന് നഷ്ടം കൂടാതെ നിലനിൽക്കുവാൻ കഴിയുമോ ?

(എച്ച്) മുകളിൽ പറഞ്ഞ എല്ലായിനം കൺസ്യൂമർമാരും കുടിശ്ശിക വരുത്താത്തപക്ഷം ബോർഡിന്റെ പ്രവർത്തനത്തിൽ വരുന്ന കടം എത്ര കണ്ട് കുറയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) എച്ച്. റ്റി., ഇ. എച്ച്. റ്റി. വിഭാഗത്തിൽ 1-6-2003-ലെ കണക്ക് അനുസരിച്ച് 236 കോടി രൂപയും എൻ. ടി. വിഭാഗത്തിൽ 31-3-2003 വരെയുള്ള കണക്കനുസരിച്ച് 365.45 കോടി രൂപയും കുടിശ്ശിക വരുത്തിയിട്ടുണ്ട്.

(ബി) എച്ച്. റ്റി., ഇ. എച്ച്. റ്റി. വിഭാഗത്തിൽ 2003 മെയ് മാസത്തിലെ കണക്കനുസരിച്ച് ഗവൺമെന്റ് സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും യഥാക്രമം 1.4213 കോടി രൂപയ്ക്കും 20.04 കോടി രൂപയ്ക്കും ഉള്ള വൈദ്യുതി ഉപയോഗിക്കുന്നുണ്ട്.

(സി) എച്ച്. ടി., ഇ. എച്ച്. ടി, വിഭാഗത്തിൽ 1-6-2003-ലെ കണക്കനുസരിച്ച് 27.69 കോടി രൂപയും എൽ. ടി. വിഭാഗത്തിൽ 31-3-2003 വരെയുള്ള കണക്കനുസരിച്ച് 27.53 കോടി രൂപയും കുടിശ്ശിക വരുത്തിയിട്ടുണ്ട്.

(ഡി) 2003 മേയ് മാസത്തിലെ കണക്കനുസരിച്ച് പഞ്ചായത്ത് രാജ്-നഗരപാലികാ സ്ഥാപനങ്ങളിൽ തൃശ്ശൂർ കോർപ്പറേഷൻ 3.736 കോടി രൂപയ്ക്കുള്ള വൈദ്യുതി ഉപയോഗിച്ചു. (എച്ച്.ടി., ഇ.എച്ച്.ടി വിഭാഗം മാത്രം) മറ്റുള്ള പഞ്ചായത്ത് രാജ്-നഗരപാലികാ സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) 530 കോടി രൂപ നൽകാനുണ്ട്. (എച്ച്.ടി., ഇ. എച്ച്. ടി വിഭാഗം മാത്രം)

(എഫ്) പ്രസ്തുത സ്ഥാപനങ്ങളുടെ ഉപഭോഗം 2003 മേയ് മാസത്തിലെ കണക്കനുസരിച്ച് 63 കോടി രൂപയ്ക്കുള്ള വൈദ്യുതി ആണ് (എച്ച്.ടി., ഇ. എച്ച്. ടി. വിഭാഗം മാത്രം)

(ജി&എച്ച്) പ്രസ്തുത സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന വൈദ്യുതിയുടെ വില അതാത് മാസം അടയ്ക്കുകയും മേൽപ്പടി കൺസ്യൂമർമാർ കുടിശ്ശിക വരുത്താതിരിക്കുകയും ചെയ്താൽ ബോർഡിന്റെ കടം എടുക്കുന്ന തുകയിൽ സമാന തുകയ്ക്ക് കുറവ് വരുന്നതാണ്. അതുകൊണ്ട് ഭാവിയിൽ പലിശയിനത്തിൽ കുറവുണ്ടാകുന്നതുമൂലം നഷ്ടത്തിൽ കുറവ് വരുന്നതാണ്. കൂടാതെ മുതൽ തിരിച്ചടവിന്റെ തുകയിലും കുറവ് സംഭവിക്കും.

LIBRARY ARCHIVES Kerala Legislative Assembly